ദീപിക



മുളങ്കുന്നത്തുകാവ് കിള്ളന്നൂർ കുറ്റൂർ കരുവാൻ വീട്ടിൽ ഉണ്ണികൃ

ഉണ്ണികൃഷ്ണൻ

സ്ത്രീകളോട് അപമര്യാദയായി പെരുമാറിയിട്ടുണ്ട്.

രായ ഷക്കീർ അ
പിള രമേശ് എന

# സ്നേഹസംഗമ വേദിയൊരുക്കി പൊങ്ങം നൈപുണ്യ കോളജ്

കൊരട്ടി: ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മഹനീയ മാതൃക തീർത്ത് പൊങ്ങം നൈപുണ്യ കോളജിൽ ഈ വർഷവും സ്നേഹസംഗമം സംഘടിപ്പിച്ചു. എറണാകുളം, തൃശൂർ ജില്ലകളിലെ 22 ഓളം വരുന്ന സ്ഥാപനങ്ങളിൽനിന്നായി അഞ്ഞൂറിലധികം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടാണ് സ്നേഹസംഗമം സംഘടിപ്പിച്ചത്. കോവിഡ് നിയന്ത്രണങ്ങളെ തുടർന്ന് ഓൺലൈൻ വഴിയാണ് ചടങ്ങ് ഒരുക്കിയത്.

മാനസിക വെല്ലുവിളികൾ നേരിടുന്നവർ, വാർധക്യസഹജമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ, ഇവരെ പരിചരിക്കുന്ന സ്ഥാപനങ്ങൾ എന്നിവരാണ് വർഷംതോറും സംഗമത്തിൽ പങ്കെടുക്കാറുള്ളത്.

അശരണർക്കു താങ്ങാകുക എന്ന ലക്ഷ്യത്തോടൊപ്പം പഠനത്തോടൊപ്പം കുട്ടികളെ സാമൂഹ്യ പ്രതിബദ്ധതയുള്ളവരായി വളർത്തുക എന്ന ലക്ഷ്യത്തിലാണ് നൈപുണ്യ കോളജ് വിദ്യാർഥികളും മാനേജ്മെന്റും സംയുക്തമായി പരിപാടിക്കു നേതൃത്വം നൽകുന്നത്.

അതിരൂപത വികാരി ജനറാൾ ഫാ. ജോയ് അയിനിയാടൻ സംഗമം ഉദ്ഘാടനം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. കെ.ജെ. പോളച്ചൻ അധ്യക്ഷനായി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. റെൻസൺ തെക്കിനേഴത്ത്, വൈസ് പ്രിൻസിപ്പൽമാരായ തെരേസ പാറയ്ക്കൽ, റോബർട്ട് ഫെർണാണ്ടസ്, ഡീൻ ഓഫ് സ്റ്റഡീസ് ഡോ. ജോയ് ജോസഫ് പുതുശേരി, എക്സാമിനേഷൻ ഡയറക്ടർ എമിലി ഇട്ടിയച്ചൻ, എച്ച്ആർഡി ഡയറക്ടർ ഡോ. സാബു വർഗീസ്, നാക് കോഓർഡിനേറ്റർ ബിനി റാണി ജോസ്, പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായ സെബാസ്റ്റ്യൻ പൂണോലിൽ, ഡോ. ടെസി പൗലോസ്, വകുപ്പധ്യക്ഷന്മാർ എന്നിവർ പ്രസംഗിച്ചു.

വിവിധ സ്ഥാപനങ്ങളിലെ അംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ വർണക്കാഴ്ചയൊരുക്കി.

INSTITUTE OF MANAGEMENT & INFORMATION TEC...
LIBRARY
ACC No: